മാതൃഭൂമി ആഴ്ചപ്പതിപ്പ് 1993 നവംബർ 14 പേജ് 26



# നീർമാതളം

എം.കെ. ഭാസി

തളിരിട്ടുനില്ക്കുമീ നീർമാതളത്തിന്റെ
തണലത്തു നാമിരിക്കുന്നു.

അകലെ, പ്പടിഞ്ഞാറു ചായുന്ന സന്ധ്യയിൽ
നിഴലുകൾ നീണ്ടുവരുന്നു.

അരികിൽ നീ ചേർന്നിരുന്നെന്തിനോ പിന്നെയും
മിഴികളെൻ നേർക്കുയർത്തുന്നു.

ഒരു വാക്കുപോലും പറയാതെ നാം രണ്ടു
വഴികളായ് വേർപിരിയുന്നു.

ഇതിലെ ഞാനെന്തിനു വന്നുവെന്നോ സഖി!
ഇവിടെയിന്നീവഴി വീണ്ടും?

ഇതിലേ, വിമൂകമീയേകാന്തസന്ധ്യയിൽ
തനിയേ നടക്കുവാൻ മാത്രം!

തളിരുകൾ വാടുമീനീർമാതളത്തിന്റെ
തണലത്തിരിക്കുവാൻ മാത്രം!